ഉത്തരം

(എ) സംസ്ഥാനത്ത് ഐ. ടി. യുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിലായി ഉദ്ദേശം 46000 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽ വിവിധ കമ്പനികളിലായി ജോലി ചെയ്യുന്ന 5000-ഓളം പേർ ഉൾപ്പെടുന്നു. കൂടാതെ ടെക്നോ പാർക്കിൽ 750-ഓളം പേർ നേരിട്ടല്ലാതെയും ജോലി ചെയ്യുന്നുണ്ട്. കിൻഫ്രായുടെ എറണാകുളത്തെ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ 3 കമ്പനികളിലായി 60-ഓളം പേരും ജോലി ചെയ്യുന്നുണ്ട്. KSIDC-യുടെ സഹായത്തോടെ ആരംഭിച്ച സ്ഥാപനങ്ങളിൽ 2353 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) പുതിയ കമ്പനികൾ വരുന്നതിനനുസരിച്ച് എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഏകദേശം 10 മുതൽ 15% വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഐ. ടി. വ്യവസായത്തിന് ഏറ്റവും അനുകൂലമായ സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. വിദേശത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും പ്രധാനപ്പെട്ട കമ്പനികൾ മുതൽമുടക്കാൻ തയ്യാറായിട്ടുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്ക്, കൊച്ചിയിലെ കിൻഫ്രാ ഐ. ടി. പാർക്ക് എന്നിവ വിപുലീകരിക്കാൻ പദ്ധതിയുണ്ട്. ആയതിനാൽ സംസ്ഥാനത്ത് ഐ. ടി. വ്യവസായം അഭിവൃദ്ധിപ്പെടുകയാണ്.

ഐ. ടി. പാർക്കുകളിലെ കമ്പനികൾ

5 [2654] ശ്രീ. വി. ബാലറാം:
,, ടി. വി. ചന്ദ്രമോഹൻ:
,, പി. ടി. തോമസ്:
,, ജോർജ് ജെ. മാത്യു:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഫർമേഷൻ ടെക്നോളജി പാർക്കുകളിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നു;

(ബി) അവയിൽ വിദേശ കമ്പനികളും സ്വദേശ കമ്പനികളും എത്ര വീതമുണ്ട്;

(സി) ഈ കമ്പനികളുടെ ഇക്കഴിഞ്ഞ വർഷത്തെ ഒട്ടാകെ ടേൺഓവർ എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 91 എണ്ണം.

(ബി) വിദേശ കമ്പനികൾ—29, ബാക്കിയുള്ളവ സ്വദേശ കമ്പനികൾ.

(സി) 165 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly